# STD - VII

## അദ്ധ്യാപക സഹായി

## പാഠം – പന്ത്രണ്ട്  ക്രിസ്തു ഇന്നും ജീവിക്കുന്നു  ഭാഗം – ഒന്ന്

### ലക്ഷ്യം

ക്രിസ്തു ഇന്നും ജീവിക്കുന്നു. സഭയിൽ, വചനത്തിൽ, കൂദാശകളിൽ, കൂട്ടായ്മകളിൽ. ആദിയിൽ ദൈവത്തോടുകൂടെയായിരുന്ന വചനമായ യേശു തന്നെത്തന്നെ ഇന്നും വെളിപ്പെടുത്തിത്തരുന്നത് വചനം വഴിയാണ്.

സഭാ ശുശ്രൂഷകളിൽ പങ്കെടുത്തുകൊണ്ട് ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരും. കൂദാശകൾ സ്വീകരിച്ചുകൊണ്ട് യേശുവിന്റെ ദൈവരാജ്യ പ്രഘോഷണം നടത്തും.

### പഠനസഹായികൾ

* മഹാന്മാരുടെ, സഭയെയും ക്രിസ്തുവിനെയും കുറിച്ചുള്ള വീക്ഷണം – ചാർട്ട്
* BCC കളുടെ അടിസ്ഥാന ലക്ഷ്യം – ചാർട്ട്
* വചനം – യോഹ. 14:18, യോഹ. 1:2, യോഹ. 3:1–21, ലൂക്കാ. 24:32, അപ്പ. 2:42
* വിശുദ്ധ കുർബാന – യൂട്യൂബ് വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും
* യേശുവിന്റെ സഹനവും മരണവും ഉത്ഥാനവുമെല്ലാം നമ്മോടുള്ള സ്നേഹത്തിന്റെ അടയാളങ്ങളാണ്.
* ചരിത്രത്തിൽ സഭ ക്രിസ്തുവിന്റെ പിന്തുടർച്ചയാണ്.
* വചനം മാംസമായ ക്രിസ്തുവിനെ, ദൈവവചനത്തിലൂടെ വെളിപ്പെടുത്തുന്നു. ദൈവവചനത്തിലൂടെ യേശു നമ്മോട് സംസാരിക്കുന്നു.
* ആദിമസഭയുടെ അടിസ്ഥാനം, അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിലായിരുന്നു. ബി.സി.സികളിലെ സമൂഹങ്ങളിലൂടെ യേശു ഇന്നും ജീവിക്കുന്നു.
* ദൈവരാജ്യ പ്രഘോഷണം ഇന്ന് നടക്കുന്നത് കൂദാശകളിലൂടെയാണ്
* മഹാന്മാർ സഭയെപ്പറ്റിയും, യേശുവിനെക്കുറിച്ചും പറഞ്ഞ മഹത്വചനങ്ങൾ

## പ്രാർത്ഥന

സ്നേഹസ്വരൂപനായ ഈശോയെ, കൂദാശകൾ സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും, മറ്റുള്ളവരെ സഹായിക്കുവാനും കൂട്ടായ്മയിൽ ജീവിക്കുവാനുമുള്ള കൃപാവരം ഞങ്ങൾക്ക് നൽകണമേ, ആമേൻ.

## ചോദ്യങ്ങൾ

1. കത്തോലിക്കാ തിരുസഭ എന്നാൽ എന്ത്?
2. വചനത്തിൽ ജീവിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് പ്രതിപാദിക്കുന്ന വചനഭാഗങ്ങൾ എഴുതുക.
3. ബി.സി.സി.കളുടെ അടിസ്ഥാനം എന്ത്?
4. കൂദാശകൾ എത്ര? അവ ഏതെല്ലാം?
5. ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ നമുക്ക് എന്തിനുള്ള പ്രാപ്തിയാണ് ലഭിക്കുന്നത്.

# STD - VII

## അദ്ധ്യാപക സഹായി

## പാഠം – പന്ത്രണ്ട്  ക്രിസ്തു ഇന്നും ജീവിക്കുന്നു  ഭാഗം – രണ്ട്

### ലക്ഷ്യം

ക്രിസ്തു ഇന്നും ജീവിക്കുന്നു, സഭയിൽ കൂദാശകളിലൂടെ. കൂദാശകളിലൂടെ യേശുവിന്റെ സ്നേഹവും സാന്നിധ്യവും നാം അനുഭവിച്ചറിയുന്നു. കുർബാന, കുമ്പസാരം എന്നീ കൂദാശകൾ നിരന്തരം സ്വീകരിച്ച് അവിടുത്തെ അനുഭവിച്ചറിയും.

### പഠനസഹായികൾ

* കൂദാശകളുടെ – ചിത്രങ്ങൾ – യൂട്യൂബ് വീഡിയോ
* വചനം – മർക്കോ. 10:45, മത്താ. 18:20, 1 യോഹ. 4:8, മത്താ. 25:40

### പാഠത്തിന്റെ ഉള്ളടക്കം

* ഏഴ് കൂദാശകളുടെ വിശദീകരണം
* യേശുവിന്റെ ദൈവരാജ്യ പ്രഘോഷണം ഇന്നും കൂദാശകളിലൂടെ തുടരുന്നു
* കൗദാശീക ജീവിതത്തിലൂടെ മറ്റൊരു ക്രിസ്തുവായി മാറാൻ നമുക്ക് കഴിയും
* കൂദാശകളിലൂടെ യേശുവിന്റെ സ്നേഹവും സാന്നിധ്യവും നാം അനുഭവിച്ചറിയുന്നു
* കുർബാന, കുമ്പസാരം എന്നീ കൂദാശകൾ നിരന്തരം സ്വീകരിച്ച് ദൈവാനുഗ്രഹങ്ങൾ പ്രാപിക്കണം.
* രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും. (മത്താ. 18:20)
* നീതിക്കായി പോരാടുമ്പോൾ, മറ്റുള്ളവരോട് കരുണ കാണിക്കുമ്പോൾ, നന്മ ചെയ്യുമ്പോൾ യേശു നമ്മിലൂടെ ജീവിക്കുന്നു
* വിശക്കുന്നവനിൽ, ദാഹിക്കുന്നവനിൽ, പരദേശിയിൽ, നഗ്നനിൽ, രോഗിയിൽ, അനാഥരിൽ ക്രിസ്തുവിനെ നാം കണ്ടുമുട്ടുന്നു.
* ദൈവം സ്നേഹമാകുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല (1 യോഹ. 4:8)
* എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണ് ചെയ്തുതന്നത് (മത്താ. 25:40)

## പ്രാർത്ഥന

സ്നേഹത്തിന്റെ ഉറവിടമായ ഈശോയെ, നിരന്തരം ദിവ്യകാരുണ്യം സ്വീകരിച്ചുകൊണ്ട് മറ്റുള്ളവരിൽ അങ്ങയെ ദർശിക്കുന്നതിനുള്ള സ്നേഹമെന്ന പുണ്യം ഞങ്ങളിൽ നിറക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. യേശുവിനെ നാം കണ്ടുമുട്ടുന്ന മേഖലകൾ ഏതെല്ലാം?
2. യേശു നമ്മോട് സംസാരിക്കുന്നത് എങ്ങനെയാണ്?
3. നാം ദൈവമക്കളായി തീരുന്നത് എപ്പോഴാണ്?
4. യേശുവിന്റെ സ്നേഹവും സാന്നിധ്യവും നാം അനുഭവിച്ചറിയുന്നത് എങ്ങനെ?
5. ക്രിസ്തു നമ്മിൽ ജീവിക്കുന്നു എന്നു ബോധ്യമാകുന്ന സന്ദർഭങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.